(ബി) നടപ്പുവർഷത്തിൽ ഗ്രാന്റും സ്റ്റൈപന്റും വിതരണം ചെയ്യാത്ത സ്ഥാപനങ്ങളുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പട്ടികജാതി വകുപ്പിൽ യഥാസമയം അപേക്ഷയെത്തിക്കാത്ത കോളേജ് അധികാരികളുടെ നടപടിമൂലം വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാൻ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരക്കാർക്കെതിരെ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്. പുതുതായി ആരംഭിച്ച ചില വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ലഭിക്കാൻ താമസമുണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പി. ജി. ബിരുദധാരികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ ജോലി നൽകുന്ന സംവിധാനം

4(207) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ പോസ്റ്റ് ഗ്രാജ്വേറ്റ് ബിരുദധാരികൾക്കും മുൻഗണന നൽകി ജോലി നൽകുന്നതിന് എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ള ഗ്രാജ്വേറ്റ് പോസ്റ്റ് ഗ്രാജ്വേറ്റ് പട്ടികജാതി വിഭാഗങ്ങൾക്ക് വെൽഫയർ സ്കൂളുകളിൽ നിയമനം നൽകുന്നതിന് നടപടി മുൻപ് നിലവിലുണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഇക്കാര്യം തുടർന്നും പരിഗണിക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) വെൽഫയർ സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയതിനുശേഷം അവ മറ്റ് സ്കൂളുകളെപ്പോലെയാണ് പ്രവർത്തിക്കുന്നത്. അതിനാൽ നിർദ്ദേശം പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly